പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1229

06-03-2018 ലെ മറുപടിക്ക്

**കാർഷികോല്പന്നങ്ങളെ ഭൗമ സൂചിക പട്ടികയിൽ ഉൾപ്പെടുത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" കെ.മുരളീധരൻ<br>" സണ്ണി ജോസഫ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) കർഷകർക്ക് ആഭ്യന്തര വിദേശ വിപണികളിൽ കൂടുതൽ വരുമാനം കണ്ടെത്തുന്നതിന് ബൗദ്ധിക സ്വത്തവകാശത്തിലെ സാധ്യത ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ ഇതിനായി അവബോധക്ലാസ്സുകൾ നടത്തുക, കർഷകർക്ക് വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, പ്രദർശനങ്ങളിൽ പങ്കെടുക്കുക, ഇത്തരം ഉല്പന്നങ്ങളെ പ്പറ്റി ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ കൂടുതൽ പ്രചരണം നടത്തുക എന്നീ കാര്യങ്ങൾ ചെയ്തു വരുന്നു. |
| (ബി) കാർഷിക ഉല്പന്നങ്ങൾ ഭൗമസൂചിക പട്ടികയിൽ ഉൾപ്പെടുത്തി പ്രത്യേക ബ്രാൻഡു കളാക്കി വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; കേരളത്തിൽ നിന്നും ഏതൊക്കെ കാർഷികകോല്പന്നങ്ങളാണ് നിലവിൽ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) കാർഷിക ഉല്പന്നങ്ങൾക്ക് ഭൗമസൂചികാ രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ നടത്തിവരുന്നു. കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം വകുപ്പിന്റെ ധനസഹായത്തോടെ കേരളത്തിൽ നിന്ന് ഭൗമസൂചികാ പദവി നേടിയ ഉല്പന്നങ്ങൾ താഴെപറയുന്നവയാണ്.<br>1. നവര അരി<br>2. പാലക്കാടൻ മട്ട അരി<br>3. മലബാർ കുരുമുളക്<br>4. ആലപ്പുഴ പച്ച ഏലക്കായ<br>5. പൊക്കാളി അരി<br>6. ആലപ്പുഴ കയർ<br>7. തഴപ്പായ ഉല്പന്നങ്ങൾ<br>8. വാഴക്കുളം കൈതച്ചക്ക<br>9. മദ്ധ്യതിരുവിതാംകൂർ ശർക്കര<br>10. വയനാട് ജീരകശാല അരി |

| | |
|---|---|
| | 11. വയനാട് ഗന്ധകശാല അരി<br>12. കൈപ്പാട് അരി<br>13. ചെങ്ങാലിക്കോടൻ നേന്ത്രൻ<br>14. നിലമ്പൂർ തേക്ക് |
| (സി) കൂടുതൽ ഉല്പന്നങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാന കൃഷിവകുപ്പിന്റെ ധനസഹായത്തോടെ മറയൂർ ശർക്കര, കുറ്റിയാട്ടൂർ മാങ്ങ, ഓണാട്ടുകര എള്ള്, അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അവര, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി,വട്ടവട- കാന്തല്ലൂർ വെളുത്തുള്ളി,തിരൂർ വെറ്റില, എടയൂർ മുളക് എന്നീ ഉല്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ കാർഷിക ഉല്പന്നങ്ങളെ ഈ പട്ടികയിലേക്ക് ചേർക്കുവാൻ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും ശ്രമിച്ചുവരുന്നു. |
| (ഡി) ഇതിനായുള്ള ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (ഡി) കേരള കാർഷിക സർവ്വകലാശാലയിൽ 2003 മുതൽ ബൗദ്ധിക സ്വത്തവകാശ സെൽ പ്രവർത്തിച്ചുവരുന്നു. ഈ സെല്ലിന്റെ നേതൃത്വത്തിൽ ഇതുവരെയായി എട്ടു കാർഷിക ഉല്പന്നൾക്ക് ഭൗമസൂചികാ പദവി നേടിയിട്ടുണ്ട്. കൂടുതൽ ഉല്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഭൗമസൂചികാ പദവി നേടിയ ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങളും ഈ സെൽ നൽകുന്നു. |

അണ്ടർ സെക്രട്ടറി